പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

നിയമസഭാ ചോദ്യം നമ്പർ : 3008 | 13.07.2015-ൽ മറുപടിക്ക്.

## സുരക്ഷാക്രമീകരണങ്ങളുടെ ഭാഗമായുള്ള സി.സി.ടി.വി ദൃശ്യങ്ങൾ ശേഖരിച്ച് സൂക്ഷിക്കുന്നത് സംബന്ധിച്ച്

| ചോദ്യം | മറുപടി |
|---|---|
| ഡോ.കെ.ടി. ജലീൽ | ശ്രീ. രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
| (എ) കുറ്റകൃത്യങ്ങൾ തടയുന്നതിനും സുരക്ഷ ഉറപ്പാക്കുന്നതിനുമായി സർക്കാർ വിവിധ കേന്ദ്രങ്ങളിൽ സ്ഥാപിച്ചിട്ടുള്ള സി.സി.ടി.വികളിൽ ശേഖരിക്കപ്പെടുന്ന ദൃശ്യങ്ങൾ സി.ഡികളിലാക്കി സൂക്ഷിക്കാറുണ്ടോ;<br><br>(ബി) ഇത് സംബന്ധമായി ഗവൺമെന്റ് പുറപ്പെടുവിച്ച ഉത്തരവുകളുടെ പകർപ്പുകൾ സഭയുടെ മേശപ്പുറത്ത് ലഭ്യമാക്കാമോ; | : (എ)യും (ബി)യും) സി.സി.ടി.വി ദൃശ്യങ്ങൾ സി.ഡിയിലാക്കി സൂക്ഷിക്കാറില്ല. നിലവിൽ 15 ദിവസം മുതൽ 30 ദിവസം വരെ ക്യാമറ ദൃശ്യങ്ങൾ സ്വയമേ തന്നെ കമ്പ്യൂട്ടറിന്റെ ഹാർഡ് ഡിസ്കിൽ റെക്കോർഡാകുകയും, കൂടുതൽ ദൃശ്യങ്ങൾ റെക്കോർഡ് ചെയ്യുന്ന മുറയ്ക്ക് പഴയ ദൃശ്യങ്ങൾ തനിയെ മാഞ്ഞു പോകുന്നതുമാണ്. സി.സി.റ്റി.വി ദൃശ്യങ്ങൾ സി.ഡികളിലാക്കി സൂക്ഷിക്കുന്നത് സംബന്ധിച്ച് ഉത്തരവുകളൊന്നും പുറപ്പെടുവിച്ചിട്ടില്ല. |
| (സി) സുരക്ഷാ ക്രമീകരണങ്ങളുടെ ഭാഗമായുള്ള സി.സി.ടി.വി ദൃശ്യങ്ങൾ ശേഖരിച്ചു സൂക്ഷിക്കുന്നത് പിന്നീട് ഉണ്ടാകുന്ന അന്വേഷണങ്ങൾക്ക് പ്രയോജനപ്പെടുത്താറുണ്ടോ; വിശദമാക്കാമോ? | : (സി) പ്രയോജനപ്പെടുത്താറുണ്ട്. സി.സി.ടി.വി. ദൃശ്യങ്ങൾ റിക്കോർഡ് ചെയ്ത് സൂക്ഷിക്കുവാൻ സാങ്കേതികമായി സാധിക്കുമെങ്കിലും കൂടുതൽ ദൃശ്യങ്ങൾ റിക്കോർഡ് ചെയ്യുന്ന മുറയ്ക്ക് പഴയ ദൃശ്യങ്ങൾ താനേ മാഞ്ഞു പോകുന്നതുമാണ്. |

സെക്ഷൻ ഓഫീസർ